# റാസിയും റംലിയും ബറാഅത്ത് രാവും

എം.പി.എ. ഖാദിർ, കരുവമ്പൊയിൽ

ബറാഅത്ത് രാവിന്റെ മഹത്വത്തെപ്പറ്റി ഒരു സഖാഫിയെഴുതുന്നു: ''ക്വുർആൻ പറയുന്നു. 'തീർച്ചയായും നാം അതിനെ അനുഗൃഹീത രാവിൽ അവതരിപ്പിച്ചിരിക്കുന്നു. (സൂറ:ദുഖാൻ-3) ഈ ആയത്ത് വിവരിച്ചുകൊണ്ട് മഹാപണ്ഡിതനായ ഇമാം റാസി (റ) പറയുന്നതിങ്ങനെ. ഈ രാവ് കൊണ്ടുദ്ദേശിക്കുന്നത് ബറാഅത്ത് രാവാണെന്ന് ഇക്‌രിമ (റ)യും പറഞ്ഞിട്ടുണ്ട്.'' (പൂങ്കാവനം. 2006. സെപ്തംബർ. മുജീബ് സഖാഫി- വെള്ളാട്ടുപറമ്പ്) പണ്ഡിതമതം എന്ന് പരിചയപ്പെടുത്തിക്കൊണ്ട് സുന്നി അഫ്കാർ വാരികയിലെഴുതുന്നു:- ''സൂറത്തു ദുഖാനിലെ 'ലൈലത്തുൽ മുബാറക' (അനുഗൃഹീത രാവ്)യെന്നത് ബറാഅത്ത് രാവാണെന്നാണ് പണ്ഡിതമതം.'' (2003 ഒക്ടോബർ 15) ബറാഅത്ത് രാവിലെ പ്രത്യേക നോമ്പിനെ സംബന്ധിച്ച് ഒരു സഖാഫിയെഴുതുന്നു: ''ശഅ്ബാൻ പകുതിയുടെ പകലിൽ നിങ്ങൾ നോമ്പനുഷ്ഠിക്കുകയും നിസ്കരിക്കുകയും ചെയ്യുക. ഇമാം റംലി (റ) പറഞ്ഞതാണ് ഇക്കാര്യം. (ഫതാവാറംലി 2/79)'' (പൂങ്കാവനം-2006 സെപ്തംബർ).

ബറഅത്ത് രാവിന്റെ പേരിൽ സമസ്തക്കാർ തട്ടിവിട്ട നുണകളും മറുപടിയും ഈ ലേഖന പരമ്പരയിൽ വിശദീകരിച്ചു കഴിഞ്ഞതാണ്. അവിടെ പ്രതിപാദിക്കാത്ത ചില തട്ടിപ്പുകൾക്കാണ് ഇപ്പോൾ മറുപടി പറയുന്നത്. ദുഖാൻ സൂറയിലെ 3-ാം വാക്യം വിവരിച്ചുകൊണ്ട് റാസി പറയുന്നു എന്ന് പറഞ്ഞ് സഖാഫി റാസിയിൽ നിന്നുദ്ധരിച്ചത് ഇക്‌രിമയുടെ അഭിപ്രായം മാത്രമാണ്. സത്യത്തിൽ നിന്നും അകലെയുള്ള ഈ അഭിപ്രായത്തെ റാസി തന്റെ തഫ്സീറിൽ ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ട്. ആ ഭാഗം മൂടി വെച്ചുകൊണ്ടാണ് സഖാഫി റാസിയിൽ നിന്ന് തന്റെ വികലാശയം സമർഥിക്കാൻ ശ്രമിക്കുന്നത്. റാസി പറയുന്നത് കാണുക: -''എന്നാൽ ഈ സൂക്തത്തിൽ ബർക്കത്തായ രാവ് എന്നതിന്റെ വിവക്ഷ ശഅ്ബാൻ പകുതിയുടെ രാവാണ് എന്ന് പറയുന്നവർക്ക് അവലംബിക്കാൻ പറ്റുന്ന യാതൊരു തെളിവും ഞാൻ കണ്ടിട്ടില്ല. ചില ആൾക്കാരിൽ നിന്ന് അഭിപ്രായം ഉദ്ധരിച്ചുകൊണ്ട് അവർ സംതൃപ്തരാവുകയാണ്.'' (റാസി 2/316) ദുഖാൻ സൂറയിൽ പറഞ്ഞ അനഗൃഹീതരാത്രി ബറാഅത്ത് രാവാണെന്ന് പറയുന്നവർക്ക് അവലംബിക്കാൻ പറ്റിയ തെളിവൊന്നും ഞാൻ കണ്ടിട്ടില്ലെന്നാണ് റാസി പറയുന്നത്. ഇക്‌രിമയുടെ അഭിപ്രായം അവലംബിക്കാൻ പറ്റിയ തെളിവായി റാസി അംഗീകരിച്ചിട്ടില്ലെന്ന് വ്യക്തം. റാസിയുദ്ധരിച്ചപ്പോൾ ഈ വസ്തുത മൂടിവെച്ചത് തട്ടിപ്പല്ലെങ്കിൽ പിന്നെയെന്താണ്.

പണ്ഡിതമതം എന്ന് പറഞ്ഞ് സമസ്തക്കാർ എഴുന്നള്ളിച്ചത് വിശുദ്ധ ക്വുർആനിന്റെ നസ്വിനോട് വിരുദ്ധമായ ചിലരുടെ ഒറ്റപ്പെട്ട അഭിപ്രായത്തെ പറ്റിയാണ്. ബഹുഭൂരിപക്ഷം പണ്ഡിതൻമാരും ഇതിനെ എതിർക്കുകയും ചെയ്തിട്ടുണ്ട്. ചിലത് മാത്രം ഇവിടെയുദ്ധരിക്കാം. ''ക്വതാദ, ഇബ്നുസൈദ് എന്നിവരും ഭൂരിപക്ഷം പണ്ഡിതൻമാരും' അനുഗൃഹീത രാത്രിയെന്നാൽ ലൈലത്തുൽ ബദ്റാണെന്ന പക്ഷക്കാരാണ്. നിരവധി ന്യായീകരണങ്ങൾ അതിന്നുണ്ട്. അല്ലാഹു പറയുന്നു. 'തീർച്ചയായും ക്വുർആൻ നാം ലൈലത്തുൽ ക്വദ്റിൽ അവതരിപ്പിച്ചു. അപ്പോൾ അനുഗൃഹീത രാത്രി ലൈലത്തുൽ ക്വദ്റാവൽ നിർബന്ധമായി. ക്വുർആനിന്ന് ക്വുർആൻ തന്നെയാണ് അത്യുത്തമ വിശദീകരണം. അല്ലാഹു പഞ്ഞു. റമളാൻ മാസം അതിൽ ക്വുർആൻ അവതരിപ്പിച്ചു. ഈ അനുഗൃഹീത രാത്രി റമളാനിലായിരിക്കൽ നിർബന്ധമായി. അപ്പോൾ അത് ലൈലത്തുൽ ക്വദ്റിലാണെന്ന് സ്ഥിരപ്പെട്ടു. ഇതാണ് മുഅ്തമദായ അഭിപ്രായം'' (സ്വാവി 4/50,51) ദുഖാൻ സൂറയിൽ പറഞ്ഞ അനുഗൃഹീത രാത്രി ലൈലത്തുൽ ക്വദ്റാണെന്നും അത് റമളാൻ മാസത്തിലാണെന്നും ക്വുർആൻ തന്നെ വ്യക്തമാക്കുന്നുണ്ട്. ഭൂരിപക്ഷം പണ്ഡിതരും ഈ സത്യത്തോട് യോജിക്കുകയും ചെയ്തിരിക്കുന്നു. മുഅ്തമദായ അഭിപ്രായവും ഇതു തന്നെ. ഇതെല്ലാം അവഗണിച്ചുകൊണ്ട് ഒറ്റപ്പെട്ട അഭിപ്രായം പണ്ഡിതമതമായി അവതരിപ്പിച്ചത് കള്ളമല്ലെങ്കിൽ പിന്നെയെന്താണ്? തഫ്സീർ ത്വബ്‌രിയിൽ എഴുതുന്നു: ''അഭിപ്രായങ്ങളിൽ പ്രബലമായത്, അനുഗൃഹീതമായ രാവ് എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് ലൈലത്തുൽ ക്വദ്റാണെന്ന് പ്രസ്താവിച്ചവരുടേതാണ്.'' (11/64) ക്വുർത്വുബിയിൽ പറയുന്നതിങ്ങനെ:- ''പല കാരണങ്ങൾ കൊണ്ടും അനുഗൃഹീത രാവെന്നാൽ ലൈലത്തുൽ ക്വദ്റാണെന്ന അഭിപ്രായമാണ് കൂടുതൽ പ്രബലം'' (16/126) ക്വുർത്വുബിയിൽ ഇത്ര കൂടിയെഴുതുന്നു:- ''ഭൂരിപക്ഷം പണ്ഡിതരുടെയും അഭിപ്രായം അനുഗൃഹീത രാവെന്നാൽ ലൈലത്തുൽ ക്വദ്റാണെന്നാണ്. ശഅ്ബാൻ പതിനഞ്ചാണെന്ന് ആരെങ്കിലും പറഞ്ഞുവെങ്കിൽ അത് ബാത്വിലാണ്'' (11/127) ഭൂരിഭാഗം ഉലമാക്കളും ബാത്വിലാണെന്ന് വിധിയെഴുതിയ ഒരു സംഗതി ഇസ്‌ലാം മതത്തിലെ പണ്ഡിത മതമായി അവതരിപ്പിച്ച ബറാഅത്ത് രാവ് വാദികൾക്ക് സത്യമാണോ വലുത്? അതോ ബറാഅത്ത് രാവിന്റെ പേരിൽ വെട്ടി വിഴുങ്ങുന്ന ശാപ്പാടോ? ശാപ്പാടാണെന്നാണ് ഇവരുടെ സമർഥനം വ്യക്തമാക്കുന്നത്. ബറാഅത്ത് രാവിനെപ്പറ്റി വിശുദ്ധ ക്വുർആനിൽ യാതൊരു പരാമർശവുമില്ല. ഇക്‌രിമയെ പോലുള്ളവരുടെ ബാത്വിലായ അഭിപ്രായം ബറാഅത്ത് രാവ് വാദികൾ വിശുദ്ധ ക്വുർആന്റെ പേരിൽ വെച്ചുകെട്ടുകയാണ്. ഒരു പണ്ഡിതനെഴുതുന്നത് കാണുക: ''വിശുദ്ധ ക്വുർആനിലും ബറാഅത്ത് രാവിനെക്കുറിച്ച് (ശഅ്ബാൻ പകുതിയുടെ രാത്രി) പരാമർശമുണ്ട്.

'വ്യക്തമാക്കുന്ന ഈ ഗ്രന്ഥം തന്നെ സത്യം. അനുഗഹീതമായ ഒരു രാത്രിയിൽ നാം അതിനെ അവതരിപ്പിച്ചു. (വി.ഖു. 44-2,3)'' (ചന്ദ്രിക 2005 സപ്തംബർ 20 പി.വി.മുഹമ്മദ് സ്വാലിഹ് അൻവരി) ഇക്‌രിമയിൽ നിന്നുദ്ധരിച്ച ബാത്വിലായ ഒരഭിപ്രായം മുൻനിർത്തിയാണ് ഈ മുസ്‌ല്യാർ ബറാഅത്തിനെപ്പറ്റി ഖുർആനിൽ പരാമർശമുണ്ടെന്നെഴുതിയത്. ഇക്‌രിമയുടെ അഭിപ്രായം ഇയാൾ ഖുർആന്റെ അഭിപ്രായമായി അട്ടിമറിച്ചു എന്ന് സാരം. ഖുർആനിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുന്ന ഈ വ്യാജവാദികൾക്ക് സുന്നത്ത് ജമാഅത്തിൽ എന്ത് സ്ഥാനമാണുള്ളത്. ഇക്‌രിമയുടെ അഭിപ്രായമല്ലാതെ ഖുർആനിൽ എവിടെയാണ് ശഅ്ബാൻ പതിനഞ്ചാം രാവിനെ സംബന്ധിക്കുന്ന പരാമർശമുള്ളത്? ദുഖാനിലെ അനുഗൃഹീത രാത്രിയെപ്പറ്റി 'സുന്നിവോയ്സ് വാരികയിലെഴുതുന്നത് കാണുക:- ''അനുഗൃഹീതരാത്രി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് റമളാൻ മാസത്തിലെ ലൈലത്തുൽ ഖദ്ർ ആണെന്ന് അധിക വ്യാഖ്യാതാക്കളും അഭിപ്രായപ്പെടുന്നു'' (1977. ജൂലൈ 29) അധിക മുഫസ്സിറുകളുടെയും അഭിപ്രായത്തിന് വിരുദ്ധമായ വാക്കെടുത്ത് ഖുർആനിന്റെ അഭിപ്രായമായി അട്ടിമറിച്ച ഇവർക്ക് പരലോകത്തിൽ വിശ്വാസമുണ്ടോ?

ശഅ്ബാൻ പതിനഞ്ചിലെ പ്രത്യേക നോമ്പിന് പൂങ്കാവനം മാസികയിൽ ഉദ്ധരിച്ച കാര്യമായ തെളിവ് അടുത്ത കാലക്കാരനായ റംലി എന്ന ആൾ പറഞ്ഞു എന്നുള്ളതാണ്. ഇതെഴുതിയ സഖാഫിക്ക് മതത്തെപ്പറ്റി പ്രാഥമിക ജ്ഞാനം പോലുമില്ലെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. റംലിയുടെ യുക്തിയനുസരിച്ച് മതത്തിൽ പ്രത്യേകമായ ഒരു നോമ്പുണ്ടാക്കാനും അയാളുടെ യുക്തിയിൽ ഉദിച്ച പുതിയ നോമ്പ് നോൽക്കാനും മുസ്‌ലിംകൾക്ക് പാടില്ല. നബി (സ്വ)യും സ്വഹാബത്തും ശഅ്ബാൻ പതിനഞ്ചിന് പ്രത്യേകമായി നോമ്പനുഷ്ഠിച്ചതിന് മതത്തിൽ വ്യക്തമായ രേഖയുണ്ടോ? അതാണ് സഖാഫിയുദ്ധരിക്കേണ്ടതും മുസ്‌ലിംകൾ പരിഗണിക്കേണ്ടതും. ബറാഅത്ത് വാദികൾ അനുഷ്ഠിക്കുന്ന ഈ പ്രത്യേക നോമ്പിന് യാതൊരു രേഖയും മതത്തിൽ ഇല്ല. കുറേ ബലഹീനഹദീഥുകളാണ് ഇവർക്കുള്ള പുൽക്കൊടി. മേമ്പൊടിയായി റംലിമാരുടെ യുക്തിവാദങ്ങളും. ഇവർ സ്വന്തം വരികളെങ്കിലും ഉൾക്കൊണ്ടിരുന്നെങ്കിൽ ഇത്തരം ഭീമാബദ്ധങ്ങളിൽ പെടുമായിരുന്നില്ല. ഒരു മുസ്‌ല്യാർ  എഴുതുന്നു. മതാചാര്യൻമാരുടെ മനസ്സിലുദിച്ച് വരുന്നത് മതമായി അംഗീകരിച്ചാൽ നാം അല്ലാഹുവിന്റെ നിയമങ്ങൾ അംഗീകരിച്ചവരാവുകയില്ല.'' (ഇസ്‌ലാം മതം പേജ് 171 എം.എ. അബ്ദുൽഖാദിർ മുസ്‌ല്യാർ) മറ്റൊരു മുസ്‌ല്യാർ എഴുതുന്നു: ''നിങ്ങൾ ശരിക്ക് ബോധ്യമുള്ള ഹദീഥല്ലാതെ എന്നിൽ നിന്ന് നിവേദനം ചെയ്യുന്നതിനെ നിങ്ങൾ സൂക്ഷിക്കണം. എന്റെ മേൽ ആരെങ്കിലും മനഃപൂർവം കളവ് പറഞ്ഞാൽ അവന്റെ ഇരിപ്പിടം നരകത്തിൽ നിന്ന് സ്ഥലം പിടിച്ചുകൊള്ളട്ടെ.'' (കർമശാസ്ത്രം ശാഫിഈ മദ്ഹബിൽ.പേജ് 13, 14. എൻ. ബാവ മുസ്‌ല്യാർ. വൈലത്തൂർ) ഈ നിയമത്തിൽ നിന്ന് ബറാഅത്ത് നോമ്പിന്റെ കാര്യം മതം ഒഴിച്ചു നിർത്തിയിട്ടില്ല. പ്രത്യേക നോ മ്പിന്റെ കാര്യത്തിൽ ശരിയെന്ന ബോധമുള്ളതല്ലാത്ത ഹദീഥുദ്ധരിച്ചാൽ അത് നബി (സ്വ)യുടെ പേരിലുള്ള കളവായി മാറുകയില്ലെന്ന് മതം പഠിപ്പിക്കുന്നില്ല. റംലിയുടെ മനസ്സിൽ ഉദിച്ചുവരുന്നത് മതമായി മാറുമെന്നും അദ്ദേഹമല്ലാത്ത മതാചാര്യന്മാരുടേത് മാത്രമാണ് മതമല്ലാതാവുകയുള്ളൂ എന്ന വേർതിരിവും ഇസ്‌ലാമിലില്ല. ശാഫിഈ മദ്ഹബുകാർക്ക് റംലിയേക്കാൾ സ്വീകാര്യനാണ് ഇബ്നു ഹജറുൽ ഹൈതമി. ബറാഅത്ത് രാവിൽ പ്രത്യേകമായ നോമ്പിനെപ്പറ്റി അദ്ദേഹം പറഞ്ഞ അഭിപ്രായം മൂടിവെച്ചുകൊണ്ടാണ് സഖാഫി പൂങ്കാവനത്തിൽ റംലിയെ എഴുന്നള്ളിച്ചത്. ഹൈതമിയുടെ അഭിപ്രായം ബറാഅത്ത് നോമ്പുകാർ തന്നെ വ്യക്തമാക്കട്ടെ:-

''ആ ദിവസത്തെ നോമ്പ് അയ്യാമുൽ ബീളിൽ (എല്ലാമാസവും 13,14,15 തിയ്യതികൾ) പെടുന്നു എന്ന നിലക്കല്ലാതെ പ്രത്യേകമായി സുന്നത്തില്ല. (ഫതാവൽ കുബ്റ. വാ. 2 പേജ് -80)'' (ബറാഅത്ത് രാവ് പേജ് 27. എസ്.വൈ.എസ്.ബുക്സ്) ബറാഅത്ത് രാവിന് പ്രത്യേകം ഒരു നോമ്പ് സുന്നത്തില്ലെന്നാണ് ഇബ്നു ഹജറുൽ ഹൈതമിയുടെ മതം. പ്രവാചകനിൽ നിന്നും സ്വഹാബത്തിൽ നിന്നുമുള്ള വ്യക്തമായ രേഖ ഇക്കാര്യത്തിൽ ഇല്ല എന്ന സത്യം യോജിക്കുന്നതും ഹൈതമിയുടെ അഭിപ്രായത്തോട് തന്നെ. ബറാഅത്ത് രാവുകാരുടെ അടുത്ത് മതമായ പ്രത്യേക നോമ്പ് സ്വന്തം നേതാവിന്റെ അടുക്കൽപോലും മതമായി നിലനിൽക്കുന്നില്ല.